പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2173 | 01.02.2018 -ൽ മറുപടിക്ക്.

## ന്യായവില ഹോട്ടലുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.അടൂർ പ്രകാശ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ ; | (എ) സന്നദ്ധ സംഘടനകളുമായി ചേർന്ന് ജില്ലാ ആസ്ഥാനങ്ങളിൽ ഭക്ഷണശാലകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് പ്രൊജക്ട് ആയി ഈ സാമ്പത്തിക വർഷം തുടക്കം കുറിക്കും. |
| (ബി) ജി.എസ്.ടി.യുടെ മറവിൽ സംസ്ഥാനത്തെ ഹോട്ടലുകൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) ജി.എസ്.ടി യുടെ മറവിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) മുമ്പ് ആരംഭിച്ച മാവേലി ഹോട്ടലുകൾ പരാജയപ്പെട്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പാളിച്ചകൾ പരിഹരിച്ചാണോ പുതിയ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) ഉണ്ട്. 24.06.2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും വിതരണം നടത്തിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പിന്നീട് മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചില്ല. |
| (ഡി) ന്യായവിലക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾക്ക് സിവിൽ സപ്ലൈസ് വഴി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം ഉറപ്പ് വരുത്തുമോ; എങ്കിൽ ഏതൊക്കെ ഇനം ഭക്ഷ്യധാന്യങ്ങളാണ് ഇപ്രകാരം സബ്സിഡി നിരക്കിൽ നൽകുന്നത്; വിശദമാക്കുമോ ? | (ഡി) ഭക്ഷ്യധാന്യങ്ങളും പ്രൊവിഷൻ സാധനങ്ങളും സബ്സിഡി നിരക്കിൽ സപ്ലൈകോ മുഖേന നല്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ